**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140** **07-10-2024 - ൽ മറുപടിയ്ക്ക്**

**ആര്യാട് കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ജല അതോറിറ്റി ഓഫീസിൽ എത്തിയ ജനപ്രതിനിധികൾക്കെതിരെ ഉണ്ടായ പോലീസ് നടപടിയിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ആര്യാട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിഷേധസമരത്തിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ പോലീസ് മർദ്ദിച്ചതായി ശ്രീ.പി.പി.ചിത്തരഞ്ജൻ എം.എൽ.എ നൽകിയ പരാതി ലഭിച്ചിട്ടുണ്ട്. ഇതിൽ അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ